പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5740 — 29.07.2015 ൽ മറുപടിക്ക്

## ജാമ്യവ്യവസ്ഥയിൽ നാടുകടത്തപ്പെട്ടവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, റ്റി.വി.രാജേഷ്<br>,, എളമരം കരീം<br>,, എം. ഹംസ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കേസുകളിൽപ്പെട്ട് ജാമ്യവ്യവസ്ഥയനുസരിച്ച് നാടുകടത്തപ്പെട്ടവർക്ക്, താമസിക്കാൻ വേണ്ടി വരുന്ന ചെലവ് സർക്കാർ നൽകുന്നുണ്ടോ; | (എ) ഇത്തരമൊരു സംവിധാനം സംസ്ഥാനത്ത് നിലവിലില്ല. |
| (ബി) രാഷ്ട്രീയ പ്രേരിതമായും മറ്റും കേസുകളിൽ പ്രതിചേർക്കപ്പെട്ട്, മാസങ്ങളോളം നിരപരാധികൾപോലും നാടുകടത്തപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സ്വന്തം ജില്ലയിൽ പ്രവേശിക്കരുതെന്ന ജാമ്യവ്യവസ്ഥയിൽ നാടുകടത്തപ്പെട്ടവർ സംസ്ഥാനത്തുള്ളതായി അറിയാമോ; ഇവർക്കെല്ലാം താമസിക്കാനും ജീവിക്കാനും ആവശ്യമായ സഹായം പോലീസ് നൽകിവരുന്നുണ്ടോ; വിശദമാക്കാമോ; | (സി) സ്വന്തം ജില്ലയിൽ പ്രവേശിക്കരുതെന്ന ജാമ്യവ്യവസ്ഥയിൽ നാടുകടത്തപ്പെട്ടവർ സംസ്ഥാനത്തുണ്ട്. എന്നാൽ ഇവർക്ക് താമസിക്കാനും ജീവിക്കാനും ആവശ്യമായ സഹായം പോലീസ് നൽകുന്നില്ല. |
| (ഡി) ജാമ്യവ്യവസ്ഥയിൽ നാടുകടത്തപ്പെടുന്നവർക്ക് താമസിക്കാനുള്ള വീടും ചെലവും പോലീസ് നൽകേണ്ടതാണെന്ന സുപ്രീംകോടതിയുടെ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ നാടുകടത്തപ്പെട്ടവരുടെ കാര്യത്തിൽ സ്വീകരിച്ച നിലപാട് വെളിപ്പെടുത്താമോ? | (ഡി) ഇത്തരത്തിൽ ബഹു.സുപ്രീം കോടതി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Rajani.M

സെക്ഷൻ ഓഫീസർ